729
20/11/15

**കേരള സർക്കാർ**

<u>സംഗ്രഹം</u>

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ- ഭൂരഹിതരായ പട്ടികജാതിയിൽപ്പെട്ട കർഷക തൊഴിലാളികൾക്കുളള കൃഷി ഭൂമി വായ്പ പദ്ധതി - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

**സ.ഉ.(എം.എസ്)നം.02/2015/പജപവവിവ തീയതി, തിരുവനന്തപുരം, 16.01.2015**

================================================================================

പരാമർശം: 1. സ.ഉ. (എം.എസ്) നം. 121/98/പജപവവിവ, തീയതി 31.12.1998

2. കേരള പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 04.03.2014, 23.07.2014 തീയതികളിലെ ബി5/ 6195/2006 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന കർഷക തൊഴിലാളികൾക്കുളള കൃഷിഭൂമി വായ്പാ പദ്ധതിയിൻ കീഴിൽ ഗുണഭോക്താക്കൾ വാങ്ങാൻ ബാധ്യസ്ഥമായ കൃഷി ഭൂമിയുടെ ചുരുങ്ങിയ വിസ്തൃതി നിലവിലുളള 50 സെന്റിൽ നിന്നും 40 സെന്റായി കുറയ്ക്കുന്നതിന് പരാമർശം (2) -ലെ കത്തുകൾ പ്രകാരം കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവിന്റെ അനുബന്ധത്തിന്റെ ഖണ്ഡിക 7 ചുവടെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

"തെരഞ്ഞെടുക്കപ്പെടുന്ന ഓരോ കുടുംബത്തിനും 40 സെന്റോ, അതിൽ കൂടുതലോ ഭൂമി വാങ്ങുന്നതിന് ഭൂമി വിലയുടെ 50 ശതമാനം സർക്കാർ സബ്സിഡിയായും ബാക്കി തുക വസ്തുവിന്റെ ഈടിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്ന് വായ്പയായും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നതാണ്."

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എസ്.യു.രാജീവ്**

**ജോയിന്റ് സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം

ധനകാര്യ വകുപ്പിന് (20.12.2014-ലെ 97999/PUC -3/2014/Fin നമ്പർ U.O പ്രകാരം)

ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പിന് (23.04.2014-ലെ 6144/A2/14/plg നമ്പർ U.O പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ ആഡിറ്റ്) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ), ഐ & പി.ആർ.ഡി.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Bal... K.J

സെക്ഷൻ ഓഫീസർ.